روضة الخطباء

sufaraulislam.com

# خطبة عيد الفطر (١٤٤٣ هـ).

# പെരുന്നാൾ ഖുത്തുബ (ചെറിയ പെരുന്നാൾ)

عيد مبارك

02/05/2022

بسم الله الرحمن الرحيم

الله أكبر الله أكبر، لا إله إلا الله والله أكبر الله أكبر ولله الحمد.

الله أكبر كبيرا، والحمد لله كثيرا، وسبحان الله بكرة وأصيلا

- അല്ലാഹു വിശ്വാസികൾക്ക് ആഘോഷിക്കാൻ നൽകിയ രണ്ടു ദിവസങ്ങളിൽ ഒരു ആഘോഷ ദിവസത്തിലാണ് നാം ഒരുമിച്ചിരിക്കുന്നത്.
- ചെറിയ പെരുന്നാൾ സമാഗതമായിരിക്കുന്നു.
- സ്വർഗപ്രവേശനത്തിന്റെയും നരകമോചനത്തിന്റെയും അനർഘനിമിഷങ്ങൾ സമ്മാനിച്ച വിശുദ്ധ റമദാൻ വിടപറഞ്ഞിരിക്കുന്നു.
- ആയിരം മാസത്തേക്കാൾ പുണ്യം നിറഞ്ഞ  ഖദ്റിന്റെ രാത്രി കൊണ്ട് ധന്യമായ റമദാൻ...
- സായുധരായ സൈന്യത്തെ ആദർശത്തിന്റെ കരുത്ത് കൊണ്ട് പരാജയപ്പെടുത്തിയ ബദറിന്റെ ഓർമകൾ വീണ്ടും സമ്മാനിച്ച റമദാൻ.
- കഴിഞ്ഞ ഒരു മാസക്കാലം വിശ്വാസികൾ കഠിനമായ പരിശ്രമത്തിലായിരുന്നു.
- പകലിൽ വ്രതമനുഷ്ഠിച്ചും രാത്രികളിൽ നമസ്കാരവും ഖുർആൻ പാരായണവും ദിക്റുകളുമായി നന്മയിൽ മുന്നേറുകയായിരുന്നു.
- നോമ്പിന്റെ ലക്ഷ്യം തന്നെ ഭക്തിയുള്ളവരാവുക എന്നതായിരുന്നു.  ഒരു പരിധി വരെ ഭക്തിയുള്ളവരാകാൻ നമുക്കെല്ലാം സാധിച്ചു.
- റമദാനിന് മുമ്പത്തെ മാസത്തപ്പോലെയല്ല റമദാനിൽ നാം ജീവിച്ചത്.
- നേടിയ വിശുദ്ധി കാത്തു സൂക്ഷിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.
- **പെരുന്നാൾ സ്നേഹത്തിന്റെ സന്ദേശമാണ്**
- വിശ്വാസിക്ക് അല്ലാഹു അനുവദിച്ച ആഘോഷങ്ങളിലെ ഒന്നാണ് ഈദുൽ ഫിത്ർ
- ഈ ആഘോഷ വേളയിൽ നാം ഉറക്കെ പ്രഖ്യാപിക്കുന്നത് അല്ലാഹു അക്ബർ എന്നാണ്.  നമുക്ക് ഏറ്റവും വലുത് അല്ലാഹുവാണ് എന്ന പ്രഖ്യാപനം.
- പ്രാർത്ഥനകൾ, നേർച്ചകൾ എല്ലാം അല്ലാഹുവിന് വേണ്ടിയാവണം.
- ശിർക്ക് കലരാതെ ജീവിക്കുകയും അല്ലാഹുവിനെ കണ്ടു മുട്ടുകയും വേണം.
- അക്രമ പ്രവർത്തനങ്ങളിൽ നമ്മൾ ഉണ്ടാകരുത്

- വികാരമല്ല മുസ്ലിമിനെ നയിക്കേണ്ടത് വിവേകമാണ്.
- അശജ്ജ് ഇബ്നു അബ്ദുൽ ഖൈസിനോട് നബി (സ്വ) പറഞ്ഞത്

فَقَالَ لَهُ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : يَا أَشَجُّ، إِنَّ فِيكَ خَصْلَتَيْنِ يُحِبُّهُمَا اللَّهُ وَرَسُولُهُ : الْحِلْمُ وَالْأَنَاةُ

- **ഇസ്ലാമുള്ളവരാവുക**
- വർഗീയ വാദികൾ, തീവ്രവാദികൾ, സമാധാനം തകർക്കുന്നവർ എന്നെല്ലാം നമ്മെ ആരോപിക്കുന്നവരുണ്ട്.
- അവർക്ക് ആരാണ് മുസ്ലിം എന്ന ജീവിച്ച് കാണിച്ച് കൊടുക്കുക.
- ആയുധം എടുക്കാനല്ല മതം പഠിപ്പിക്കുന്നത്. ആയുധം താഴെ വെക്കാനും സമാധാന ത്തോടെ എല്ലാവരുമായി ഇടപഴകി ജീവിക്കാനുമാണ്.
- ആവേശത്താലും വികാരത്തിനടിമപ്പെട്ടും മുസ്ലിം ചെറുപ്പക്കാർ തീവ്രവാദത്തിലേക്ക് പോകുന്നുവെങ്കിൽ അവരെ ഉപദേശിക്കാനും തിരുത്താനും ഉമ്മത്ത് തയ്യാറാകണം.
- നമ്മുടെ മതം നമ്മൾ പഠിച്ചില്ല എങ്കിൽ...?
- വിമർശനങ്ങൾ വരുമ്പോൾ പേടിക്കേണ്ട. ഇസ്ലാം ചർച്ച ആയ കാലത്ത് ഇസ്ലാം പ്രച രിച്ചിട്ടുണ്ട്
- സെലിബ്രിറ്റികൾ ഇസ്ലാം സ്വീകരിക്കുന്നു. യൂറോപ്പ് ഇസ്ലാം കേൾക്കുന്നു

يُرِيدُونَ أَن يُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَيَأْبَى اللَّهُ إِلَّا أَن يُتِمَّ نُورَهُ وَلَوْ كَرِهَ الْكَافِرُونَ (٣٢)

- **അള്ളാഹു അക്ബർ അധരവ്യായാമം അല്ല ഹൃദയമന്ത്രം ആവണം**
- നാം ചൊല്ലുന്ന തക്ബീർ ധ്വനികൾക്ക് അർത്ഥമുണ്ട്. അത് അവരുടെ ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ടതാണ് ഇന്ന് അവർ അനുഭവിക്കുന്ന എല്ലാ കുറവുകൾക്കും കാരണം

﴿وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ ٱلْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ﴾ [آل عمران ١٣٩]

## ❖ എന്താണ് റമദാൻ നമുക്ക് സമ്മാനിച്ചത്?

### 1. അടുക്കും ചിട്ടയും

- ജീവിത്തിന് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കാൻ റമദാൻ നമ്മെ സഹായിച്ചിട്ടുണ്ട്.
- ജമാഅത്ത് നമസ്കാരങ്ങൾക്ക് കൃത്യമായി പള്ളിയിൽ പോകാൻ നമുക്ക് സാധിച്ചു.
- ജുമുഅക്ക് മറ്റു തിരക്കുകൾ മാറ്റി വെച്ച് നേരത്തെ പള്ളിയിൽ എത്തി.
- ഖുർആൻ പാരായണത്തിന് സമയം കണ്ടെത്തി.
- ഭക്ഷണത്തിനു പോലും ഒരു ക്രമീകരണം വരുത്താൻ സാധിച്ചു.
- ഒരു വിശ്വാസി എല്ലാ കാലത്തും അടുക്കും ചിട്ടയോടും കൂടി ജീവിക്കേണ്ടവനാണ്.

- ഇനിയും ജമാഅത്ത് നമസ്കാരങ്ങൾക്ക് നാം പള്ളിയിലേക്ക് പോകണം.
- ജീവിതത്തിൽ ക്രമവും അക്രമവും ഉണ്ട് എന്നത് മറക്കരുത്. റമദാൻ നമ്മുടെ ജീവിതത്തിന് ഒരു ക്രമം ഉണ്ടാക്കിത്തന്നു.
- വെള്ളം കുടിക്കുക എന്നത് ജീവിതത്തിന്റെ ക്രമമാണ്. എന്നാൽ മദ്യം അക്രമമാണ്.
- വ്യഭിചാരം- പലിശ, വഞ്ചന ഇതെല്ലാം അക്രമമാണ്.

**2. മനസ്സ് ശുദ്ധീകരിച്ചു.**

- മനസ്സും ശരീരവും വൃത്തിയായി സൂക്ഷിക്കുന്നവർക്കാണ് പരലോകത്ത് വിജയം.

يَوْمَ لا يَنْفَعُ مَالٌ وَلا بَنُونَ / إِلا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ. (سورة الشعراء)

**ഹൃദയം മലീമസമാക്കുന്നവർക്ക് പരാജയമാണ്.**

ي قُلُوبِهِم مَّرَضٌ فَزَادَهُمُ اللَّهُ مَرَضًا وَلَهُمْ عَذَابٌ أَلِيمٌ بِمَا كَانُوا يَكْذِبُونَ ﴿البقرة: ١٠﴾

ഹൃദയത്തിൽ രോഗമുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നും മാറി നിൽക്കാൻ ഇസ്ലാം പഠിപ്പിക്കുന്നത് കാണാം.

**3. ക്വുർആനുമായി അടുത്തു.**

- പല തവണ ക്വുർആൻ ഓതിത്തീർത്തു.
- ക്വുർആൻ റമദാനിൽ മാത്രം പാരായണവും പഠനവും നടത്താനുള്ള ഗ്രന്ഥമല്ല.

قال عبد الله بن مسعود رضي الله عنه: إن أصفر البيوت الذي أصفر من كتاب الله

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞു: ഏറ്റവും ദരിദ്രമായ വീട് അല്ലാഹുവിന്റെ കിതാ ബ് ഇല്ലാതായ വീടാണ്.

**ഇബ്നു റജബ് (റഹി) പറഞ്ഞു:**

അല്ലാഹുവിനെ സ്മരിക്കുന്നതും, അവന്റെ കിതാബ് പാരായണം ചെയ്യുന്നതും അധികരിപ്പിക്കുന്നുവോ, അവന്റെ ഈമാൻ വർധിക്കുന്നു.ആർ തന്റെ നാവുകൊണ്ടു ചെയ്യേണ്ട നിർബന്ധമായ ദിക്ർ ഉപേക്ഷിക്കുന്നുവോ, അവന്റെ ഈമാൻ കുറയുന്നു. (ഫത്ഹുൽബാരി)

عن عبد الملك بن عمير رحمه الله قال : «كَانَ يُقَالُ : إِنَّ أَبْقَى النَّاسِ عُقُولاً قَرَأَةُ الْقُرْآنِ

അബ്ദുൽ മലിക് ബ്നു ഉമൈർ (റഹി) പറഞ്ഞു: ജനങ്ങളിൽ ഏറ്റവും കൂടുതൽ കാലം ബുദ്ധി നിലനിൽക്കുന്നവർ ഖുർആൻ ഓതുന്നയാളുകളാണ്

- ക്വുർആനുമായി ഉണ്ടാക്കിയ ബന്ധം കാത്തു സൂക്ഷിക്കുക, പാരായണവും പഠനവും തുടരുക.
- പീസ് റേഡിയോയിലെ അന്നൂർ പോലെയുള്ള ക്വുർആൻ പഠന പദ്ധതികൾ ഉപയോഗപ്പെടുത്തുക.

**4. നിഷിദ്ധങ്ങളിൽ നിന്നും മാറി നിന്നു.**

- ശീലങ്ങളുടെ ഉടമയായിരുന്ന നാം റമദാൻ വന്നപ്പോൾ പല ശീലങ്ങളും ഒഴിവാക്കി.
- പകലിൽ ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കി, ഭാര്യാ ഭർതൃ ബന്ധം ഉപേക്ഷിച്ചു.
- ഇതെല്ലാം ചെയ്തത് അല്ലാഹുവിന്റെ കൽപ്പന ഉണ്ടായതു കൊണ്ടാണ്.
- എന്നാൽ അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിലേക്ക് ഇനി നാം മടങ്ങാൻ പാടി ല്ല.
- വ്യഭിചാരം, പലിശ, മോഷണം, ചതി, വഞ്ചന, സംഗീതാസ്വാദനം എല്ലാം നിഷിദ്ധ മാണ്.

وَمِنْ النَّاسِ مَنْ يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَنْ سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُهِينٌ) (لقمان:٦)

عن أَبي مَالِكٍ الْأَشْعَرِيُّ وَاللَّهِ مَا كَذَبَنِي سَمِعَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ لَيَكُونَنَّ مِنْ أُمَّتِي أَقْوَامٌ يَسْتَحِلُّونَ الْحِرَ وَالْحَرِيرَ وَالْخَمْرَ وَالْمَعَازِفَ (بخاري)

**5. ബന്ധങ്ങൾ ചേർക്കുക.**

- റമദാനിൽ ഇഫ്താറിലൂടെയും മറ്റും നമ്മുടെ കുടുംബ ബന്ധങ്ങളും സൌഹൃദങ്ങളും കൂടുത ൽ ഇണക്കിച്ചേർക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.
- ബന്ധങ്ങളിൽ വിള്ളൽ വീഴാതെ നോക്കാൻ നാം ശ്രദ്ധിക്കണം
- ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം
- അയൽവാസികളോടുള്ള ബന്ധങ്ങൾ
- എല്ലാം ഇസ്ലാം പഠിപ്പിച്ചതു പോലെയാണ് എന്ന ഉറപ്പു വരുത്തുക.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿النحل:٩٠﴾

**നബി (സ്വ) പഠിപ്പിച്ചു**

عَنْ أَبِي هُرَيْرَةَ ـ رضى الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ فَلْيَصِلْ رَحِمَهُ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുന്നവൻ തന്റെ ബന്ധങ്ങൾ ചേർത്തിക്കൊള്ളട്ടെ. (ബുഖാരി)

إِنَّ الرحم معلقة بالعرش ، وليس الواصل بالمكافىء، ولكن الواصل من الذي إذا انقطعت رحمه وصلها

അബ്ദുല്ലാഹ് ഇബ്നു അംറ്(റ) പറയുന്നു: നബി ﷺ പറഞ്ഞു. കുടുംബബന്ധം (അല്ലാഹുവിന്റെ) അർശുമായി (സിംഹാസനവുമായി) ബന്ധപ്പെട്ടതാണ്. പകരത്തിന് പകരമായി നൽകുന്നത് ബന്ധം ചേർക്കലല്ല. എന്നാൽ മുറിഞ്ഞുപോയ ബന്ധത്തെ വിളക്കിചേർ ക്കുന്നവനാണ് യഥാർത്ഥത്തിൽ ബന്ധം ചേർക്കുന്നവൻ. (അഹ്മദ്)

**6. കാരുണ്യം കാണിക്കാൻ പഠിച്ചു.**

- മറ്റുള്ളവരുടെ വേദനകളെ നമ്മുടെ വേദനകളായി കണ്ട മാസമാണ് റമദാൻ മാസം.
- സ്വദഖകളിൽ മത്സരിച്ച മാസം. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിട്ടും മറ്റുള്ളവർക്ക് കൊടുക്കാൻ നാം തയ്യാറായ മാസം.
- എന്നാൽ പട്ടിണി കിടക്കുന്നവരും ധരിക്കാൻ വസ്ത്രമില്ലാത്തവരും ഇനിയും ചുറ്റിലുമുണ്ട് എന്നത് മറക്കരുത്. അവരെ ചേർത്തു പിടിക്കുക.

**7. പ്രാർത്ഥിക്കുക.**

- വിശ്വാസിയുടെ ആയുധം പ്രാർത്ഥനയാണ്. അനേകം പ്രശ്നങ്ങൾക്ക് നടുവിലൂടെയാണ് ഇന്ന് മുസ്ലിം ഉമ്മത്ത് മുന്നോട്ട് പോകുന്നത്.
- ഡൽഹി അടക്കമുള്ള ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ മുസ്ലിം സഹോദരങ്ങൾ ആക്രമിക്കപ്പെടുന്നു.
- ആക്രമങ്ങൾക്ക് മുതിരുന്നത് ന്യൂനപക്ഷം മാത്രമാണ്.
- നന്മ ആഗ്രഹിക്കുന്ന സൌഹാർദ്ധമാഗ്രഹിക്കുന്ന മുസ്ലിംങ്ങൾ അല്ലാത്ത ഒരു വലിയ വിഭാഗം നമ്മുടെ ഇടയിലുണ്ടെന്നത് മറന്നു പോകരുത്.

**8. സ്വീകരികരിച്ചോ എന്ന ചിന്തയാണ് പ്രധാനം.**

റമളാൻ ദിനരാത്രങ്ങളിൽ കർമ്മനിരതനായിരുന്ന നമ്മൾ നാഥൻ സ്വീകരിച്ചാൽ മാത്രമാണ് നാളെ പ്രതിഫലം ലഭിക്കുന്നത്

قال ابن عمر رضي الله عنه: لو أعلم أن الله تقبل مني ركعتين؛ لتمنيت الموت بعدها قال تعالى:
{إِنَّمَا يَتَقَبَّلُ اللهُ مِنَ الْمُتَّقِينَ [المائدة:٢٧]

ഞാൻ നിർവഹിച്ച റക്അത്ത് നമസ്കാരം നാഥൻ സ്വീകരിച്ചു എന്നറിഞ്ഞാൽ പിന്നീട് ഞാൻ മരണമാണ് ആഗ്രഹിക്കുന്നത് കാരണം അല്ലാഹു പറയുന്നു

وقال عبدالعزيز بن أبي رواد: "أدركتهم يجتهدون في العمل الصالح، فإذا فعلوه وقع عليهم الهمّ أيُقبل منهم أم لا؟"

**9. ആഘോഷങ്ങൾ അതിരു വിടരുത്.**

- നേടിയ വിശുദ്ധി തകർക്കുന്ന അവസ്ഥ ഉണ്ടാവരുത്.

وَلَا تَكُونُوا كَالَّتِي نَقَضَتْ غَزْلَهَا مِنْ بَعْدِ قُوَّةٍ أَنْكَاثًا تَتَّخِذُونَ

○ കർമ്മങ്ങൾ സ്വീകരിക്കാനുള്ള പ്രാർത്ഥന ആത്മാർത്ഥമായി നടത്തുക.

**ഹസനുൽ ബസ്വരി (റഹി) പറഞ്ഞു:**

അല്ലാഹുവിനെ ധിക്കരിക്കാത്ത എല്ലാ ദിവസവും പെരുന്നാളാണ്. തന്റെ രക്ഷിതാവി നെ അനുസരിച്ചു കൊണ്ടും ഓർത്തു കൊണ്ടും അവന് നന്ദി കാണിച്ചു കൊണ്ടും കടന്നു പോകുന്ന ഓരോ ദിവസവും വിശ്വാസിക്ക് പെരുന്നാളാണ്.

**എല്ലാവർക്കും പെരുന്നാൾ ആശംസകൾ**

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.